# വയനാട് ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ: ഡോ.അദീല അബ്ദുള്ള, ഐ.എ.എസ്)

വിഷയം :- കോവിഡ് 19 - ജില്ലാ ക്വാറന്റൈൻ സെന്ററുകളിൽ നിന്നും ഹോം ക്വാറന്റൈനിലേക്ക് ആളുകളെ മാറ്റുന്നത് - സംബന്ധിച്ച്.

## ഉത്തരവ് നം. DCWYD/2909/2020/DM1 തീയതി 26.03.2020

കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ജില്ലയിലെ ക്വാറന്റൈൻ സെന്ററുകളിൽ നിരീക്ഷണത്തിൽ ആളുകളെ പാർപ്പിച്ചിട്ടുള്ളതാണ്. ഇപ്രകാരം പാർപ്പിച്ചവരിൽ ആരോഗ്യപ്രശ്നങ്ങളുള്ള ചിലരെങ്കിലും വീട്ടുകളിൽ നിരീക്ഷണത്തിൽ തുടരുന്നതാണ് ഉചിതമെന്ന് കാണുന്നു. ആയതിനാൽ ആരോഗ്യപ്രശ്നങ്ങളുള്ള ആളുകളെ അവരുടെ വീട്ടുകളിലേക്ക് നിശ്ചിത നിബന്ധനയോടു കൂടി നിരീക്ഷണത്തിൽ അയക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞവരെ പോലീസ്/വളണ്ടിയർ അകമ്പടിയോടു കൂടി അവരവരുടെ വീട്ടുകളിൽ എത്തിക്കേണ്ടതും അടുത്തുള്ള ഹെൽത്ത് സെന്ററുകളിൽ വിവരം റിപ്പോർട്ട് ചെയ്യുന്നതുമാണ്.

ഈ സാഹചര്യത്തിൽ മേൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി വീട്ടുകളിലേക്ക് അയക്കപ്പെടുന്നവർക്ക് നിശ്ചിത സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിനായി മാനന്തവാടി/സുൽത്താൻ ബത്തേരി താലൂക്ക് പരിധിയിൽ പ്രവർത്തിക്കുന്ന ക്വാറന്റൈൻ സെന്ററുകളിലെ ചുമതല യഥാക്രമം ശ്രീ. ജയപ്രകാശ്, ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ, ശ്രീ. ചാമിക്കുട്ടി, സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), സുൽത്താൻ ബത്തേരി എന്നിവർക്ക് നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി ഉദ്യോഗസ്ഥർ ക്വാറന്റൈൻ സെന്ററുകളുടെ മേൽനോട്ട ചുമതലയുള്ള തഹസിൽദാർമാരിൽ നിന്നും വിവരങ്ങൾ തേടേണ്ടതും ആവശ്യാനുസരണം സർട്ടിഫിക്കറ്റുകൾ നൽകേണ്ടതുമാണ്.

ജില്ലയിലെ ക്വാറന്റൈൻ സെന്ററുകളിൽ നിന്നും വ്യക്തികളെ അവരുടെ വീട്ടുകളിലേക്ക് എത്തിക്കുന്നതിനാവശ്യമായ പോലീസ് സുരക്ഷ സജ്ജീകരണം ജില്ലാ പോലീസ് മേധാവി ഏർപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)
ജില്ലാ കളക്ടർ

അംഗീകാരത്തോടെ,

ഡെപ്യൂട്ടി കളക്ടർ(ഡി.എം)

To
ബന്ധപ്പെട്ടവർക്ക്.

**പകർപ്പ്:**
1. ജില്ലാ പോലീസ് മേധാവി,വയനാട്.
2. തഹസിൽദാർ, മാനന്തവാടി/സുൽത്താൻ ബത്തേരി.